# പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5168 — 30-06-2014 ന് മറുപടിയ്ക്ക്

## വനം കയ്യേറ്റങ്ങൾ ഒഴിപ്പിക്കൽ

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ. എം. ഹംസ** | **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ബഹു.വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി)** |
| (എ) വനം കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; അതിൻപ്രകാരം എത്ര വനം കയ്യേറ്റങ്ങൾ ഒഴിപ്പിച്ചെടുത്തു; ഒഴിപ്പിച്ചെടുത്ത വനഭൂമി സംരക്ഷിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദാംശം ലഭ്യമാക്കുമോ; | (എ) വനം കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനായി സ്ഥിരമായ പരിശോധനകൾ, സർവ്വേ ജോലികൾ, ജണ്ടകെട്ടൽ തുടങ്ങിയ പ്രവർത്തനങ്ങളും നിയമ നടപടികളും സ്വീകരിക്കുകയും അപ്പപ്പോൾ കയ്യേറ്റങ്ങൾ ഒഴിപ്പിക്കുകയും ചെയ്യുന്നു. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 866.0703 ഹെക്ടർ വനം കയ്യേറ്റങ്ങൾ ഒഴിപ്പിച്ചെടുത്തു. ഒഴിപ്പിച്ചെടുത്ത സ്ഥലങ്ങൾ സംരക്ഷിക്കുന്നതിനായി ബാംബൂ പ്ലാന്റേഷൻ, ഹാർഡ് വുഡ് പ്ലാന്റേഷൻ എന്നിവ വച്ച് പിടിപ്പിച്ചു വരുന്നു. |
| (ബി) സംസ്ഥാന വനഭൂമിയുടെ വിസ്തൃതി സംബന്ധിച്ച കണക്ക് 1-1-2006 - ലെയും 1-1-2013 - ലെയും ലഭ്യമാക്കാമോ; | (ബി) സംസ്ഥാന വനഭൂമിയുടെ വിസ്തൃതി 1-1-2006-ൽ 11278.2487 ചതുരശ്ര കിലോമീറ്ററും 1-1-2013-ൽ 11309.4754 ചതുരശ്ര കിലോമീറ്ററും ആണ്. |
| (സി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വനം കയ്യേറ്റങ്ങൾക്ക് പട്ടയം നൽകുകയുണ്ടായോ; ഉണ്ടെങ്കിൽ എത്ര; ജില്ലാടിസ്ഥാനത്തിൽ വിശദാംശം നൽകാമോ; | (സി) പട്ടയം നൽകുകയുണ്ടായില്ല. |
| (ഡി) വനം കയ്യേറ്റങ്ങൾ ആരംഭത്തിൽത്തന്നെ ഒഴിപ്പിക്കുന്നതിനും വനാതിർത്തി സംരക്ഷിക്കുന്നതിനുമായി എന്തെല്ലാം നടപടികൾ ആണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ഡി) വ്യക്തിഗത കയ്യേറ്റങ്ങൾ അതാത് സമയങ്ങളിൽ കണ്ടെത്തുന്നതിന് വനാതിർത്തി സർവ്വേ ചെയ്ത് ജണ്ടകെട്ടി അതിർത്തി നിർണ്ണയിക്കുവാനും, സംഘടിത കയ്യേറ്റങ്ങൾ ഉണ്ടാകുമ്പോൾ അവ നിരീക്ഷിക്കുന്നതിന് റവന്യൂ, വനം, പോലീസ് വകുപ്പുകളുടെ ഏകോപനത്തോടെ ഒരു ടാസ്ക് ഫോഴ്സ് രൂപീകരിക്കുവാനും തൽസമയം തന്നെ ഒഴിപ്പിക്കുന്നതിനായിട്ടുള്ള നടപടികൾ കൈക്കൊള്ളുവാനും ഉദ്ദേശിക്കുന്നു. |

A.H.[signature]

സെക്ഷൻ ഓഫീസർ